**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **20-01-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **Smt. K. K .Shailaja Teacher (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കിഫ്ബിയിൽ നിന്നും 64.93 കോടി രൂപയുടെ പദ്ധതി അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയ മറ്റ് പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു |
| (ബി) | പ്രസ്തുത ആശുപത്രി കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും അനുവദിച്ച തുക എത്ര; നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഓരോ ഘട്ടവും സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ; | (ബി) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് കിഫ്ബി യിൽ നിന്നും 64.93 കോടി രൂപ യാണ് അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലുള്ള രണ്ടു നിലയോട്ടു കൂടിയ കെട്ടിടം ആറ് മാസത്തിനകം പൂർത്തിയാക്കത്തക്ക വിധമാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഒൻപത് നിലകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം 29 മാസത്തിനകം പൂർത്തീകരിക്കുന്നതിനാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബിക്ക് കരാർ നൽകിയിട്ടുള്ളത്. |
| (സി) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നിലവിലുള്ള 12 കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ രോഗികൾക്കുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ? | (ഡി) | നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ പുതുതായി സ്ഥാപിക്കുന്ന രണ്ട് നിലകളുടെ നിർമ്മാണം പൂർത്തിയായാൽ ഉടൻ പൊളിക്കേണ്ട കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന യൂണിറ്റുകൾ അവിടേയ്ക്ക് മാറ്റി സ്ഥാപിച്ച് രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം (എ)

1) രോഗികൾക്ക് ഒ.പി യിൽ താമസം കൂടാതെ ഒ.പി ടിക്കറ്റ് ലഭ്യമാക്കാൻ വിഭാഗങ്ങൾ തിരിച്ച് വിവിധ കൗണ്ടറുകൾ സ്ഥാപിക്കുകയും ഒ.പി ടിക്കറ്റ് കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തു.

2) പുതിയ ഫാർമസി കൗണ്ടറുകൾ സ്ഥാപിക്കുകയും ഫാർമസി ആധുനിക സൗകര്യത്തോടും കൂടി സജ്ജീകരിക്കുകയും ചെയ്തു.

3) മെഡിക്കൽ റിക്കോർഡുകൾ കേട് കൂടാതെ സൂക്ഷിക്കുന്ന രീതിയിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രറി സ്ഥാപിച്ചു.

4) ഡിജിറ്റൽ എക്സറേ സ്ഥാപിച്ചു.

5) ലാബിൽ ആധുനിക രീതിയിലുള്ള മെഷ്യനുകൾ സ്ഥാപിച്ചു. രോഗികൾക്ക് എല്ലാ ടെസ്റ്റുകളും ചെയ്യാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും 24 മണിക്കൂറും പ്രവർത്തനസജ്ജമായ ലാബുകളാക്കി മാറ്റുകയും ചെയ്തു.

6) 6 കിടക്കകൾ വീതമുള്ള മെഡിക്കൽ ഐ.സി.യു ഡയാലിസിസ് യൂണിറ്റ് ഡീ-അഡിക്ഷൻ സെന്റർ എന്നിവ സജ്ജീകരിച്ചു.

8) കാഷ്വാലിറ്റിയിൽ ഒബ്സർവേഷൻ റൂം സജ്ജീകരിക്കുകയും അഡ്വാൻസ് ലൈഫ് സപ്പോർട്ടുള്ള ആധുനിക ആംബുലൻസുകൾ വാങ്ങി നൽകുകയും ചെയ്തു.

**മുൻസിപ്പാലിറ്റി മുഖേന നടപ്പിലാക്കിയ പ്രോജക്ടുകൾ**

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പാലിയേറ്റീവ് വിദഗ്ധ പരിചരണം നടപ്പിലാക്കുകയും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഉച്ചഭക്ഷണം നൽകുകയും

പകൽവീട് തുകയിൽകുന്ന് നഗരാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ മരുന്ന് വാങ്ങി നൽകുകയും ചെയ്തു. ജെറിയാട്രിക്, പാലിയേറ്റീവ് വാർഡിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി. നൽകുകയും സമ്പൂർണ്ണ ഡയാലിസിസ് യൂണിറ്റിന്റെ പരിപാലനം നടപ്പിലാക്കുകയും ചെയ്തു ശുചിത്വം പരിപാലനത്തിനായി താലൂക്ക് ആശുപത്രിയിൽ പവർലോൺട്രി മെഷീൻ

സ്ഥാപിക്കുകയും ഡിജിറ്റൽ സ്കാനർ, എക്സ്റേ എന്നിവ സ്ഥാപിക്കുന്നതിന് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്തു. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഐ.സി യൂണിറ്റ് , ഡെന്റൽ ലാബ് എന്നിവ സ്ഥാപിക്കുകയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു. എൻ.സി.ഡി ക്ലിനിക്കിലേക്ക് ആവശ്യമായ മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുകയും ക്വാലിറ്റി അഷ്വറൻസ് പദ്ധതികൾക്കായി തുക വിലയിരുത്തുകയും ചെയ്തു.